LIBRARY ARCHIVES Kerala Legislative Assembly

ആയതുപോലെ മേച്ചിൽപുറ വികസനം (Pasture Development) പദ്ധതിയിലുൾപ്പെടുത്തി 115.82 ലക്ഷം രൂപ അനുവദിക്കുകയും 241.54 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി മുളങ്കാടുകളുടെയും ചൂരൽകാടുകളുടെയും പുനരുജ്ജീവനത്തിനായി 2730.79 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുകയും 1773.22 ലക്ഷം രൂപ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 5090.2 ഹെക്ടർ സ്ഥലം മുളങ്കാടുകളുടെയും, 5956.25 ഹെക്ടർ സ്ഥലം ചൂരൽക്കാടുകളുടെയും പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ദേശീയ വനവൽക്കരണ പരിപാടി 2015-16 വർഷത്തിൽ പൂർത്തീകരിച്ചതിനെത്തുടർന്ന് വനമേഖലയെ ആശ്രയിച്ചു കഴിയുന്നവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇന്ത്യ മിഷൻ സ്കീം (GIM) 2016-17 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി ഭൂമിയിലെ ജലശോഷണവും മണ്ണൊലിപ്പും തടയുന്നതിനും നീർത്തട സംരക്ഷണത്തിനുമായി സ്വാഭാവിക ജലസ്രോതസ്സുകളുടെ ചുറ്റിലും ചെറു അരുവികളുടെ തീരങ്ങളിലും മുള, ഈറ, ചൂരൽ എന്നിവ വച്ചുപിടിപ്പിക്കുകയും നീർച്ചാലുകളിൽ തടയണ നിർമ്മാണം നടപ്പിലാക്കിയിട്ടുമുണ്ട്. മേൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വനമേഖലയെ ആശ്രയിച്ചു കഴിയുന്നവരെയാണ് പൂർണ്ണമായും നിയോഗിച്ചുവരുന്നത്. ആയത് അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സഹായകരമാവുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ ഗോത്രങ്ങളിൽപ്പെട്ടവരുടെ ഭവനരാഹിത്യം

9(*36) ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതികളിലും പട്ടികവർഗ്ഗ ഗോത്രങ്ങളിലുംപ്പെട്ടവരുടെ ഭവനരാഹിത്യം സമയബന്ധിതമായി പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഭവനരഹിതരും ഭൂരഹിതരുമായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾ ഉണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾക്ക് അനുവദിച്ച ആകെ വീടുകളുടെ എണ്ണവും പ്രസ്തുത കാലയളവിൽ പണി പൂർത്തിയാക്കാതെ കിടന്നിരുന്നതുൾപ്പെടെ പൂർത്തീകരിച്ച വീടുകളുടെ എണ്ണവും എത്രയെന്നതിന്റെ വിവരം ലഭ്യമാണോ;

(ഡി) നിലവിൽ വാസയോഗ്യമല്ലാത്ത വീട്ടിൽ താമസിക്കുന്നതും എന്നാൽ വീടുണ്ടെന്ന കാരണത്താൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോകുകയും ചെയ്തവരെ അർഹത ലിസ്റ്റിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷൻ പദ്ധതിയിലൂടെ നിലവിൽ ഭവനരഹിതരായ പട്ടികജാതിക്കാർക്കും മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വിവിധ ഘട്ടങ്ങളിലായി വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവന്നിരുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2018-19 വരെ ധനസഹായം അനുവദിച്ചതിൽ പൂർത്തിയാകാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽഓവറായി ആനുപാതിക നിരക്കിൽ തുടർ ഗഡുക്കൾ അനുവദിച്ചുനൽകുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് ഭൂരഹിത ഭവനരഹിതർ - 76308, ഭൂമിയുള്ള ഭവനരഹിതർ - 57047, പട്ടികവർഗ്ഗ വികസന വകുപ്പ് ഭൂരഹിത ഭവനരഹിതർ - 7930, ഭൂമിയുള്ള ഭവന രഹിതർ-10783

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി പ്രകാരം 39405 വീടുകൾ അനുവദിക്കുകയും അതിൽ 30069 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2015-16 വരെ ധനസഹായം അനുവദിച്ചതിൽ പൂർത്തിയാക്കാതെ അവശേഷിച്ച 16360 വീടുകളിൽ 10220 വീടുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികൾ മുഖേന 14126 വീടുകൾ അനുവദിക്കുകയും അതിൽ 4387 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകളിൽ 11306 എണ്ണം ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

---

* നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ നിലവിൽ വാസയോഗ്യമായ വീട് ഇല്ലായെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള 36399 ഭൂരഹിത ഭവനരഹിതരുടെയും, 49105 ഭവനരഹിതരുടെയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ആയതിൽ ലൈഫ് മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പരിശോധിച്ച് അർഹരെന്ന് കണ്ടെത്തിയ 21749 ഭൂരഹിത കുടുംബങ്ങളെയും 34970 ഭവനരഹിത കുടുംബങ്ങളെയും അധികമായി ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ശോച്യമായ തരത്തിലുള്ള വീടുകളിൽ താമസിക്കുന്ന 16070 പട്ടികവർഗ്ഗക്കാരെ വകുപ്പ് കണ്ടെത്തുകയും ടി ലിസ്റ്റ് തുടർനടപടിക്കായി ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.

കെ. എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി

10(*38) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എം. മാണി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ഒരു പദ്ധതി ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും എല്ലാ വിളകൾക്കും പ്രസ്തുത പദ്ധതിയിലൂടെ ജലസേചന സൗകര്യം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി കാർഷികവിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) ഉണ്ട്. 28-5-2021-ലെ കേരള അസംബ്ലിയിൽ ഗവർണർ നടത്തിയ പ്രസംഗത്തിൽ മുൻമന്ത്രി കെ. എം. മാണിയുടെ സ്മരണാർത്ഥം കേരളത്തിലെ നാണ്യവിളകൾക്കുകൂടി മൈക്രോ ഇറിഗേഷൻ വ്യാപകമാക്കുന്നതിനായി ശ്രീ. കെ. എം. മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു.